പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1518 02/07/2015-ൽ മറുപടിയ്ക്ക്

# വിഷാംശ രഹിത പച്ചക്കറി ഉൽപാദനം

ചോദ്യം

**ശ്രീ.റ്റി.വി.രാജേഷ്**

മറുപടി

**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

എ) സ്കൂളുകളിൽ കുട്ടികളെ പങ്കാളികളാക്കിക്കൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി ഭവൻ എന്തൊക്കെ സഹായങ്ങളാണ് ചെയ്തു വരുന്നത്; വിഷാംശ രഹിത പച്ചക്കറി ഉൽപാദിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

എ) സ്കൂളുകളിൽ കുട്ടികളെ പങ്കാളികളാക്കിക്കൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷാംശ രഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനുമായി 2015-16 പച്ചക്കറി വികസന പദ്ധതി പ്രകാരം സംസ്ഥാനത്തെ കൃഷി ഭവനുകൾ മുഖേന ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1. **വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി** - കുറഞ്ഞത് 10 സെന്റ് എങ്കിലും കൃഷിയോഗ്യമായ ഭൂമി ഉള്ള സ്കൂളുകളുടെ വളപ്പുകളിൽ പച്ചക്കറി കൃഷി ചെയ്യാനായി കൃഷിച്ചിലവായി 4000 രൂപയും, പ്രവർത്തനച്ചിലവായി 1000 രൂപയും ഉൾപ്പെടെ 5000 രൂപ ധനസഹായം നല്കുന്നു. ഒരു അധ്യാപകന്റെ നേതൃത്വത്തിൽ 20-25 വിദ്യാർത്ഥികൾ അടങ്ങുന്ന ഗ്രൂപ്പ് ആയിരിക്കും ഈ കൃഷിയിൽ സജീവ പങ്കാളിത്തം വഹിക്കുന്നത്.

വിഷാംശ രഹിതമായ സുരക്ഷിത പച്ചക്കറി ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് കുട്ടികൾക്ക് പരിശീലന പരിപാടികളും മറ്റു ബോധവൽക്കരണ ക്ലാസ്സുകളും കൃഷി ഭവന്റേയും, അധ്യാപകരുടേയും നേതൃത്വത്തിൽ നല്കി വരുന്നുണ്ട്. കൂടാതെ സുരക്ഷിത പച്ചക്കറി കൃഷിയെപ്പറ്റി

ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ സുരക്ഷിത പച്ചക്കറിയ്ക്ക് ഒരു മാർഗ്ഗരേഖ എന്ന കൈപ്പുസ്തകവും മറ്റു ലഘുലേഖകളും നല്കുന്നുണ്ട്.

2. **വീട്ടുവളപ്പിൽ പച്ചക്കറി കൃഷി** - വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി 50 ലക്ഷം വിദ്യാർത്ഥികൾക്ക് 20 രൂപ വില വരുന്ന 5-6 ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ വിത്തു പാക്കറ്റുകൾ സൗജന്യമായി നല്കുന്നു.

വിഷരഹിത പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

രാസവളങ്ങളുടേയും കീടനാശിനികളുടേയും അനിയന്ത്രിതമായ ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യ ഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ കാമ്പെയിനുകളും പരിശീലന ക്ലാസ്സുകളും നടത്തുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആറായിരത്തോളം കർഷകർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്.

കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വിഷവിമുക്ത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സന്നദ്ധ സംഘടനകൾ, കർഷക കൂട്ടായ്മകൾ, സ്ഥാപനങ്ങൾ, എന്നിവർക്കായി ജൈവകൃഷി രീതികൾ പരിചയപ്പെടുത്തുവാനുള്ള ബോധവത്ക്കരണ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു, പതിനാലു ജില്ലകളിലും തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിയ്ക്കായി ധനസഹായം നൽകിവരുന്നു, വിഷ വിമുക്തമായി പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിന്

വിവിധയിനം പച്ചക്കറി തൈകളും ഗുണമേൻമയുള്ള പച്ചക്കറി വിത്ത് പായ്ക്കറ്റുകളും സൗജന്യമായി സന്നദ്ധ സാംഘടനകൾക്കും റസിഡൻസ് അസോസ്സിയേഷനുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. ജൈവ കൃഷി രീതികൾ പ്രതിപാദിക്കുന്ന "ജൈവപച്ചക്കറി കൃഷി സഹായി" എന്ന കൈപ്പുസ്തകം വിതരണം ചെയ്തുവരുന്നു.

**സെക്ഷൻ ഓഫീസർ**